(Pages : 3) **U – 1323**

Reg. No. : ..............................

Name : ...................................

# First Semester B.Com. Degree Examination, November 2024

## First Degree Programme under CBCSS

## Language Course II – Additional Language I - Malayalam

## ML 1111.2 : സാഹിത്യപഠനം I

## (2021-2023 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക :

1. സ്കൂൾ ഓഫ് ഡ്രാമയുടെ സ്ഥാപക ഡയറക്ടർ ആര്?

2. കാപ്പിരികളുടെ നാട്ടിൽ എന്ന യാത്രാവിവരണം എഴുതിയതാര്?

3. ഇന്ദുലേഖയുടെ അനുകരണങ്ങളെ പരിഹസിച്ചുകൊണ്ട് എഴുതപ്പെട്ട നോവൽ ഏത്?

4. 'ചലച്ചിത്രത്തിന്റെ ഏറ്റവും അപൂർണ്ണവും അവിദഗ്ദ്ധവുമായ സാങ്കേതിക അടിത്തറ മാത്രമാണ് സ്ക്രിപ്റ്റ്' എന്നു പറഞ്ഞതാര്?

5. ഇടശ്ശേരി എഴുതിയ രാഷ്ട്രീയനാടകം ഏത്?

6. പഴശ്ശിരാജാ എന്ന ചിത്രത്തിന് തിരക്കഥ രചിച്ചതാര്?

7. അരവിന്ദന്റെ എസ്തപ്പാൻ എന്ന സിനിമയിലെ നായകനാര്?

8. പാറപ്പുറത്തിന്റെ 'അരനാഴികനേരം' ഏത് നോവൽ വിഭാഗത്തിൽപ്പെടുന്നു?

P.T.O.

Scanned with CamScanner

9. ഹൈമവതഭൂവിൽ - ആരുടെ കൃതി?

10. മലയാളത്തിലെ ആദ്യചരിത്ര നോവൽ ഏത്?

(10 × 1 = 10 Marks)

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഭാരതീയ സന്യാസിമാരുടെ കർമ്മകുശലതയും കാര്യക്ഷമതയും രാജൻ കാക്കനാടന് ബോധ്യമായതെപ്പോൾ?

12. 'മൃഗത്തെ വിട്ടുകളയാം, മനുഷ്യന് രണ്ടാമതൊരവസരം കൊടുക്കരുത്' ആരുടെ വാക്കുകൾ? സന്ദർഭമേത്?

13. ഇതി മന്വന്തരം ശുഭം എന്ന നാടകത്തിന്റെ കേന്ദ്രപ്രമേയമെന്ത്?

14. സാഹിത്യഭാഷയും സിനിമയുടെ ഭാഷയും വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ?

15. നാട്യധർമ്മി, ലോകധർമ്മി എന്നീ അഭിനയരീതികൾ തമ്മിലുള്ള വ്യത്യാസമെന്ത്?

16. ഇത്തരമൊരു ദൃശ്യത്തിനുവേണ്ടി മുന്നൂറല്ല മൂവായിരം കിലോമീറ്റർ വേണമെങ്കിൽ നടക്കാം. സൂചിതമെന്ത്?

17. 'കൊടുങ്കാറ്റുകളുടെ ദേവനായ എന്റെ പിതാവ് എന്നെ ഓർമ്മിക്കാറുണ്ടോ' - വിവക്ഷിതമെന്ത്?

18. പ്രെമീസ് എന്നാലെന്ത്?

19. 'ഭാര്യ, അപരിഹാര്യമായ ഒരു നഷ്ടമല്ല, പക്ഷേ എന്നെക്കുറിച്ചോർത്തുനോക്കൂ. ഒന്ന് അസാധുവായി' - ആരുടെ വാക്കുകൾ? സന്ദർഭവും ആശയവും വിശദമാക്കുക.

20. അവതാരങ്ങളെക്കുറിച്ച് രാമാനന്ദസ്വാമിയുടെ വ്യാഖ്യാനമെന്ത്?

21. താനൊരു നിയമം ലംഘിച്ചിരിക്കുന്നു എന്നു ഭീമനു തോന്നുന്നതെപ്പോൾ?

22. മറ്റു സാഹിത്യരൂപങ്ങളിൽ നിന്ന് തിരക്കഥയ്ക്കുള്ള പ്രധാന വ്യത്യാസങ്ങളെന്തെല്ലാം?

(8 × 2 = 16 Marks)



Scanned with CamScanner

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. എസ്.കെ. പൊറ്റക്കാടിന്റെ സഞ്ചാരസാഹിത്യലോകത്തെ പരിചയപ്പെടുത്തുക.

24. ശിഷ്യന്മാരുടെ അഭ്യാസബലങ്ങൾക്ക് ദ്രോണർ നേരത്തേതന്നെ അതിരുകൾ നിശ്ചയിച്ചിരുന്നുവെന്ന് ഭീമനു തോന്നിയതെന്തുകൊണ്ട്?

25. പിന്നിട്ട ജീവിതത്തിലെ രംഗങ്ങൾ ഹിമാലയയാത്രയ്ക്കിടയിൽ ലേഖകന്റെ മനസ്സിൽ തെളിഞ്ഞുവന്ന സന്ദർഭമേത്?

26. ഇതി മന്വന്തരം ശുഭത്തിലെ നേതാവ്, അധികാരത്തിന്റെ പുതുരൂപമാണ്. സമർത്ഥിക്കുക.

27. പ്രഹസനങ്ങളെന്നാലെന്ത്? മലയാളത്തിലെ പ്രധാന പ്രഹസനങ്ങളെ പരിചയപ്പെടുത്തുക.

28. ജ്യോഷിമഠിന്റെ ഉദ്ഭവം എങ്ങനെയാണ്?

29. ഉത്തരാധുനിക നോവലിന്റെ സവിശേഷതകളെന്തെല്ലാം?

30. തിരക്കഥാരചനയിലെ അടിസ്ഥാനഘടകങ്ങളേവ?

31. മലയാളത്തിലെ, തിരക്കഥാരചനയുടെ വളർച്ചാവഴികൾ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഇതി മന്വന്തരം ശുഭം എന്ന നാടകം സമകാലിക സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ പ്രസക്തമാകുന്നതെങ്ങനെ?

33. തിരക്കഥാരചനയുടെ വ്യത്യസ്തഘട്ടങ്ങളെക്കുറിച്ചുപന്യസിക്കുക.

34. 'മനുഷ്യന്റെ ആത്മീയവളർച്ചയിലും സംസ്കാരവികാസത്തിലും സഞ്ചാരത്തിന് ഏറെ പങ്കുണ്ട്.' - സമർത്ഥിക്കുക.

35. മലയാളനോവൽശാഖയുടെ വൈവിധ്യങ്ങളെ അവയുടെ സവിശേഷതകളോടെ പരിചയപ്പെടുത്തുക.

**(2 × 15 = 30 Marks)**